Malappuram District Police

# 26.09.2017 മഞ്ചേരി

മലഞ്ചരക്ക സാധനങ്ങൾ മോഷ്ടിച്ചുവിറ്റ് ആർഭാട ജീവിതം നയിച്ച രണ്ടുപേർ മഞ്ചേരി പോലീസിന്റെ പിടിയിൽ. വണ്ടൂർ വാണിയമ്പലം തേക്കുംകാട്ടിൽ അബുസുഫിയാൻ (19), കോഴിക്കോട് ഒളവണ്ണ വലിയപറമ്പ് വി.പി.ഫിറോസ് (48) എന്നിവരെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. ഇവരെ ചോദ്യം ചെയ്തതിൽ ഇരുപതോളം മോഷണക്കേസിന് തുമ്പ് ലഭിച്ചിട്ടുണ്ട്.

മഞ്ചേരി, അരീക്കോട്, എടവണ്ണ എന്നിവിടങ്ങളിൽ അടക്ക മോഷണം പോകുന്നെന്ന പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ പ്രതികൾ വലയിലായത്. മോഷണമുതൽ വിറ്റുകിട്ടിയ പണം ഉപയോഗിച്ച കാറ്, ബൈക്ക് എന്നിവ വാങ്ങിയതായും എടവണ്ണ കുണ്ടുതോട്ട് മോഷണമുതൽ സൂക്ഷിക്കാൻ വാടകവീട് തരപ്പെടുത്തിയതായും കണ്ടെത്തിയിട്ടുണ്ട്. പ്രതികളെ റിമാൻഡ് ചെയ്തു.

സിഐ എൻ.ബി.ഷൈജു, എസ്ഐ റിയാസ് ചാക്കീരി എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ സത്യനാഥൻ, ഉണ്ണികൃഷ്ണൻ മാരാത്ത്, പി.സഞ്ജീവ്, ശശി, സജയൻ, എഎസ്ഐ പ്രദീപ്, ദിനേശൻ എന്നിവരാണ് പ്രതികളെ പിടികൂടിയത്.